# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എലവഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.11-109/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി-29-12-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

എലവഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- എലവഞ്ചേരി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.പി.കെ.ഡി.11-109/2017 തിയ്യതി:-29-12-2016

പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.02.16 മുതൽ 30.10.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.16 മുതൽ 29.11.16 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കെ.വി. അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ |
| | കെ.പി.രാമകൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | അനില സി എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശിവരാമൻ കെ | 01.04.15 മുതൽ |

| | | |
|---|---|---|
| | | 06.11.15വരെ |
| | സുധ രവീന്ദ്രൻ | 07.11.15മുതൽ 31.03.16 വരെ |
| സെക്രട്ടറി | അനസ് വൈ | 01.04.15മുതൽ 11.06.15വരെ |
| | ഇ ഷാജഹാൻ | 12.06.15 മുതൽ 12.07.15വരെ |
| | എൻ രാധ. | 13.07.15 മുതൽ 26.07.15 വരെ |
| | പി രാജേന്ദ്ര പ്രസാദ് | 27.07.15 മുതൽ 31.03.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | സി ബി മനോജ്കുമാർ | 01.04.15മുതൽ 22.06.15വരെ |
| | എ കെ ജിസ്സ | 23.06.15 മുതൽ 18.09.15വരെ |
| | തോമസ് പി ജോൺ | 18.09.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ. ശങ്കരസുബ്രമണ്യൻ | 01.04.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.സി.ഐ.സിൽവി | 01.04.15മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുബ്രമണ്യൻ | 01.04.15മുതൽ 16.01.16 വരെ |
| | ഡോ.രാമസ്വാമി | 17.01.16 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | രശ്മി പോൾ | 01.04.15മുതൽ 20.06.15 വരെ |
| | രുഗ്മിണി ആർ | 21.06.15മുതൽ 04.12.15 വരെ |
| | വി എസ് ദിലീപ്കുമാർ | 04.12.15 മുതൽ 18.12.15വരെ |
| | സ്വാതി പി എസ് | 18.12.15മുതൽ 31.03.16 വരെ |
| ഹെഡ് മിസ്ട്രസ്സ് | പി വി ജയലളിത | 01.04.15മുതൽ 31.03.16വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ --1 | പ്രഭുറാം എസ് | 01.04.15മുതൽ 31.03.16വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ --2 | ഷീബ സി | 01.04.15മുതൽ 31.03.16വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | സി സി ജയപ്രകാശ് | 01.04.15മുതൽ 22.09.15 വരെ |
| | രജീന ജോർജ്ജ് | 23.09.15 മുതൽ 31.03.16വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1 പൊതുവിവരങ്ങൾ

1-1. ബജറ്റ്

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 17.3.2015 തിയതിയിലെ 1-ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 30.8.2016 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 29.11.2016 | |

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 14497606

വരവ് - 34775003

ആകെ - 49272609

ചെലവ് - 41183328

നീക്കിയിരിപ്പ്- 8089281

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | മറ്റു ഫണ്ടിൽ നിന്നും ലഭിച്ചത് | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 901901 | 5716066 | 1269772 | 7887739 | 7616384 | 271355 to govt | 0 |
| വികസന ഫണ്ട് എസ്.സി.പി. | 1763606 | - | 6019754 | 7783360 | 7369900 | 413460 to general | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 50000 | - | - | 50000 | 32500 | 17500 to general | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 18293 | - | 3277462 | 3295755 | 3295755 | | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 1158299 | - | 1395125 | 2553424 | 2553424 | | 0 |
| 13-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2254399 | - | 4392279 | 6646678 | 3393602 | 3253076 to general | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2332030 | - | 2031389 | 4363419 | 2331389 | 2032030 to gen | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 58238 | - | 299971 | 358209 | 349203 | - | 9006 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 138 | 48313827 | 105 | 26731454 | 18 | 15 | 76% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ പഞ്ചായത്തിൽ നിലവിലില്ല. റോഡ് പ്രവൃത്തികളിൽ മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്താതിരിക്കുകയും തുടർ വർഷങ്ങളിൽ അവശേഷിക്കുന്ന പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 5.6 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2209238 | 1650013 | 559225 (-) | 25 (-) |
| നികുതിയേതര വരവുകൾ (ഫീസുകൾ ) | 314096 | 200522 | 113574 (-) | 36(-) |
| മറ്റുവരവുകൾ | | | | |
| ജി.പി.ജി | 5091995 | 5349794 | 257799 (+) | 5(+) |
| വെള്ളക്കരം | 145792 | 177240 | 31448 (+) | 21.5(+) |
| വാടക | 14000 | 50124 | 36124 (+) | 258 (+) |
| റോഡ് കട്ടിങ് | 4000 | 4000 | 0 | 0 |
| ടെന്റർ ഫോറം വില്പന | 79400 | 69800 | 9600 (-) | 12(-) |
| പലിശ | 83863 | 75530 | 8333 (-) | 10(-) |
| പിഴ | 97671 | 48811 | 48860 (-) | 50(-) |
| ശ്മശാനം വരവ് | 0 | 373500 | 373500 (+) | |
| ലേലം | 0 | 750 | 750 (+) | |
| ആകെ | 7942384 | 7501493 | 440891 (-) | 5.6 (-) |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 138360 | 56 |
| കർഷകതൊഴിലാളി പെൻഷൻ | 5729580 | 681 |
| വിധവാപെൻഷൻ | 8507120 | 682 |
| വാർദ്ധക്യകാലപെൻഷൻ | 4564530 | 438 |
| വികലാംഗപെൻഷൻ | 1721285 | 146 |
| 50വയസ്സിനുമുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 608000 | 48 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8062/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളും രേഖകളും കൃത്യമാക്കിവെക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന എല്ലാ അപേക്ഷ കളും സമയ ബന്ധിതമായി സെക്ഷനു നല്കുകയും അതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.8.2016 -9.8.2016 | 1.6.2016 മുതൽ 31.7.2016 | 29.9.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.8.2009 മുതൽ 17.8.2009 വരെ | 2004-05 മുതൽ 2008-09 വരെ | 16.9.2009 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി ഈടാക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ആ അർദ്ധവർഷത്തിൽ മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ സ്ഥാപനവും, 204 ii (a)(1) പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസം ജോലി/തൊഴിൽ ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകുവാൻ ബാധ്യസ്ഥനാണ്. എന്നാൽ,

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പണമിടപാട് നടത്തുന്ന എല്ലാ സ്ഥാപനങ്ങളും സ്ഥാപന നികുതി നൽകുവാൻ ബാധ്യസ്ഥരാണ്. എന്നിരിക്കെ വിഘ്നേശ്വര ഫിനാൻസ് എന്ന സ്ഥാപനത്തിൽ നിന്നും 2015-16 സാമ്പത്തിക വർഷത്തിൽ സ്ഥാപന നികുതിയും ജീവനക്കാരുടെ നികുതിയും ഈടാക്കിയിട്ടില്ല.
2. അംഗീകൃത കരാറുകാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

   ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽനികുതി റിട്ടേണുകൾ സ്ഥാപന മേധാവികളിൽ നിന്നും ലഭ്യമാക്കി വരുമാനത്തിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ട താണ്. മേൽവിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി (നം. 12/24.11.16)-യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ നികുതി ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന താണെന്നും അറിയിച്ചിട്ടുണ്ട്.

## 2-2 മാവേലി സ്റ്റോർ കെട്ടിടത്തിന്റെ വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

സർക്കുലർ നം. 152898/കെ1/05 ത.സ്വ.ഭ.വ 15.07.06 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് ഇവ പ്രവർത്തനം ആരംഭിച്ച് രണ്ടു വർഷം വരെ വാടക ഒഴിവാക്കി കൊടുക്കാവുന്ന താണ്. പഞ്ചായത്തിന്റെ (കെട്ടിട നം. 13/495) വാടക കെട്ടിടത്തിൽ 2013 ഒക്ടോബർ മുതൽ മാവേലി സ്റ്റോർ പ്രവർത്തിച്ചു വരുന്നുണ്ട്. 2015 ഒക്ടോബറിൽ രണ്ടുവർഷം പൂർത്തിയായിട്ടും നാളിതുവരെയും മാവേലി സ്റ്റോറിൽ നിന്നും വാടക ഈടാക്കി യിട്ടില്ല. ആയതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മാവേലി സ്റ്റോറുമായി വാടകകരാർ ചമക്കേണ്ടതും വാടക നിശ്ചിയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കോള്ളേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി (നം. 18/26.11.16)യ്ക്ക്, അടുത്ത ഭരണസമിതി യോഗത്തിൽ കെട്ടിടത്തിന്റെ വാടക നിശ്ചയിക്കുന്നതും തുക ഈടാക്കുന്നതിനായി സപ്ലൈക്കോ അധികൃതർക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നതുമാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 2-3 അനധികൃതമായി പ്രവർത്തിക്കുന്ന ഇഷ്ടിക ചൂളകൾക്കെതിരെ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചുവരുന്ന ഇഷ്ടിക ചൂളകളുടെ വിശദാംശവും ഇവ നിർത്തലാക്കുവാൻ നിയമാനുസൃതം സ്വീകരിച്ച നടപടികളും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.17/26.11.16)- യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ തെന്മലയോര പ്രദേശങ്ങളിലും കുമ്പളക്കോട് പുഴയുടെ തീരത്തും അനധികൃതമായി 13 ഇഷ്ടികക്കളങ്ങൾ പ്രവർത്തിക്കുന്നത് ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തുകയും ഉടമസ്ഥർക്ക് 14.01.16-ലെ 5-4584/2015 നമ്പർ കത്ത് പ്രകാരം സ്റ്റോപ്പ് മെമ്മോ നൽകുകയും തുടർ നടപടികൾക്കായി കൊല്ലങ്കോട് പോലീസ് സ്റ്റേഷനിലേക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ അനധികൃതമായി ഇഷ്ടിക നിർമ്മാണം നടത്തി വരുന്ന വി.ഇ.ബദറുദ്ദീൻ എന്നവർക്ക് പാലക്കാട് മൈനിംഗ് & ജിയോളജി വകുപ്പിൽ 4.15 ലക്ഷം രൂപ പിഴചുമത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട് എന്നും നിലവിലുള്ള ഇഷ്ടികകൾ വിൽപ്പന നടത്തുന്നതിന് ടിയാൻ പഞ്ചായത്തിൽ നിന്നും ഡി & ഒ ലൈസൻസിനു വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന ഇഷ്ടിക ചൂളകളിൽ നിയമാനുസൃതം ആവശ്യമായ അനുമതി പത്രങ്ങൾ ലഭ്യമാക്കുന്നവയ്ക്ക് ഡി & ഒ ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും അല്ലാതെയുള്ളവ നിർത്തലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ടി ഇഷ്ടിക കളങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും തൊഴിൽനികുതി തുടങ്ങിയവ ഈടാക്കി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം തന്നെ പ്രകൃതിക്കും മനുഷ്യർക്കും ഒരുപോലെ ദോഷം ചെയ്യുന്ന പ്രവർത്തനങ്ങൾ നിർത്തലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കോള്ളേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തി നിർവ്വഹണത്തിനായി സെലക്ഷൻ നോട്ടീസ് ലഭിച്ചശേഷം എഗ്രിമെന്റ് ചമക്കാൻ കാലതാമസം വന്നതിന് പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ ജി.ഒ(പി)13/2012/PWD/1.2.2012 സെക്ഷൻ 2009.6.അനുസരിച്ച് ടെന്റർ സ്വീകരിച്ചതിനുശേഷം 7 ദിവസത്തിനകം ടെന്റർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. ഈ തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുകയും അന്നുമുതൽ 14 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PAC യുടെ 1% തുക(മിനിമം 1000 രൂപ) പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തിക്കുവേണ്ടി കരാറുടമ്പടി വെക്കാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

1.പ്രവൃത്തിയുടെ പേര് : മൂച്ചിക്കൽ നെല്ലഞ്ചേരി റോഡ്.

പ്രൊജക്റ്റ് നം : 87/16

അടങ്കൽ : 250000

പി.എ.സി :248802

ചെലവ് : 250000

ബിൽ നം : 52/15-16/29.3.2016

കരാറുകാരൻ : ശിവൻ.റ്റി

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :15.7.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 29.7.2015

എഗ്രിമെന്റ് വെച്ച തീയതി : 19.8.2015

ഈടാക്കേണ്ട പിഴ : 2488

ഈടാക്കിയ പിഴ : 0

ബാക്കി : 2488

2.പ്രവൃത്തിയുടെ പേര് : കിഴക്കുമുറി ഇടവഴി.

പ്രൊജക്റ്റ് നം : 87/16

അടങ്കൽ : 200000

പി.എ.സി :198854

ചെലവ് : 200000

ബിൽ നം : 55/15-16/29.3.2016

കരാറുകാരൻ : നരേന്ദ്രൻ.കെ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :15.7.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 29.7.2015

എഗ്രിമെന്റ് വെച്ച തീയതി : 12.8.2015

ഈടാക്കേണ്ട പിഴ : 1989

ഈടാക്കിയ പിഴ : 0

ബാക്കി : 1989

3.പ്രവൃത്തിയുടെ പേര് :വട്ടേക്കാട് മൂളിക്കോട് റോഡ്.

പ്രൊജക്റ്റ് നം : 90/16

അടങ്കൽ : 213000

പി.എ.സി :212218

ചെലവ് : 213000

ബിൽ നം : 57/15-16/29.3.2016

കരാറുകാരൻ : സുരേഷ്

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :15.7.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 29.7.2015

എഗ്രിമെന്റ് വെച്ച തീയതി : 14.9.2015

ഈടാക്കേണ്ട പിഴ : 2122

ഈടാക്കിയ പിഴ : 0

ബാക്കി : 2122

4.പ്രവൃത്തിയുടെ പേര് : ളൂറ്റിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ അറ്റകുറ്റപ്പണി.

പ്രൊജക്റ്റ് നം : 131/16

അടങ്കൽ : 93250

പി.എ.സി :92136

ചെലവ് : 93250

ബിൽ നം : 72/15-16/31.3.2016

കരാറുകാരൻ : ദേവദാസൻ.വി

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :1.1.2016

എഗ്രിമെന്റ് വെക്കേണ്ട തീയതി : 15.1.2016

എഗ്രിമെന്റ് വെച്ച തീയതി : 20.1.2016

ഈടാക്കേണ്ട പിഴ : 1000

ഈടാക്കിയ പിഴ : 0

ബാക്കി : 1000

5.പ്രവൃത്തിയുടെ പേര് : ളൂറ്റിപ്പാടം കുഴൽകിണർ നിർമ്മാണം.

പ്രൊജക്റ്റ് നം : 145/16

അടങ്കൽ : 80000

പി.എ.സി :79985

ചെലവ് : 80000

ബിൽ നം : 75/15-16/31.3.2016

കരാറുകാരൻ : എം. ഹരിദാസ്

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :1.1.2016

എഗ്രിമെന്റ് വെക്കേണ്ട തീയതി : 15.1.2016

എഗ്രിമെന്റ് വെച്ച തീയതി : 20.1.2016

ഈടാക്കേണ്ട പിഴ : 1000

ഈടാക്കിയ പിഴ : 0

ബാക്കി : 1000

പിഴയിനത്തിൽ ഈടാക്കേണ്ട 8599 (2488+1989+2122+1000+1000) രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ കരാറുകാരിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 3-2 കുടിവെള്ള പദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കൽ പഴയ മോട്ടോർ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷത്തിൽ കൊട്ടയംകാട് കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണിയുടെ ഭാഗമായി 12.5 HP മോട്ടോർ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോർ പഞ്ചായത്തിൽ തിരികെ ഏല്പിച്ചിട്ടില്ലാത്തത് 24.11.2016 ലെ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണം മുഖേന അറിയിച്ചതിനെ തുടർന്ന് അവ പഞ്ചായത്തിൽ ഏല്പിക്കുകയും അവ ഉപയോഗിക്കാൻ കഴിയാത്ത വിധത്തിൽ തുരുമ്പ് പിടിച്ചിട്ടുള്ളതിനാൽ അവ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അസി.എഞ്ചിനീയർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ലേലം നടത്തി തുക പഞ്ചായത്ത് ഫണ്ടിൽ വരവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പഠനയാത്ര പ്രൊജക്ട് നടപ്പിലാക്കിയത്. ചെലവ് തുക 26380/-രൂപ തടസ്സപ്പെടുത്തുന്നു

സർക്കാർ ഉത്തരവ് (എം.എസ്.) 362/2013 ത.സ്വ.ഭ.വ തീ. 16.11.13 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം 16ലെ ഖണ്ഡിക 7-(7) പ്രകാരം ഉത്പാദനപരമല്ലാത്ത ക്യാമ്പുകൾ, മേളകൾ, സെമിനാറുകൾ, ഉല്ലാസ പഠനയാത്രകൾ എന്നിവ തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല എന്നു വ്യക്തമാക്കി യിട്ടുണ്ട്. മേൽ ഉത്തരവിലെ അനുബന്ധം 16 ഖണ്ഡിക 2-3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും സബ്സിഡി തുക ഉത്തരവാദിത്തപ്പെട്ട വ്യക്തിയിൽ നിന്ന് ബാധകമായ നിയമവ്യവസ്ഥയ്ക്ക് വിധേയമായി ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് താഴെപ്പറയുന്ന പ്രൊജക്ട് നടപ്പിലാക്കിയിരിക്കുന്നത്.

പ്രൊജക്ട് നമ്പർ 36/15-16 - സമഗ്ര വിദ്യാഭ്യാസ പരിപാടി.

അടങ്കൽ -100000( 13'th ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണം - ഹെഡ് മിസ്ട്രസ് GUPS വട്ടേക്കാട്.

ബിൽ - 02/ 15-16 തിയതി 15.03.16 – 63170/-

AUPS പനങ്ങാട്ടിരി, GUPS വട്ടേക്കാട്, DMUPS എലവഞ്ചേരി എന്നീ സ്കൂളുകളിലെ 100 വിദ്യാർത്ഥികളാണ് 26.02.16, 27.02.16 എന്നീ ദിവസങ്ങളിലെ പഠന/സഹവാസ ക്യാമ്പിൽ പങ്കെടുത്തത്. SRT ട്രാവൽസ്, കൊല്ലങ്കോട് എന്ന സ്ഥാപനത്തിന്റെ KL 39G-9544, KL9-X-7787 എന്നീ ബസ്സുകളിൽ 27.2.16ന് നെടുംമ്പാശ്ശേരി, തൃപ്പൂണിത്തറ ഹിൽ പാലസ്, ചെറായി ബീച്ച് എന്നിവിടങ്ങളിലേയ്ക്ക് യാത്ര പോയതിന്റെ ബസ് ചാർജ്, ഭക്ഷണ ചെലവ്, ഒരുമ 2016 സഹവാസ ക്യാമ്പ് എന്നിവക്കായാണ് തുക ചെലവഴിച്ചിരിക്കുന്നത്. ആയതിനാൽ സബ്സിഡി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായിപഠന യാത്രയ്ക്കായി ചെലവഴിച്ച താഴെപ്പറയുന്ന ചെലവുകൾ ഓഡിറ്റിന് തൃപ്തികരമല്ല.

| ക്രമ നം | വൗച്ചർ നം | തുക | ബിൽ/രസീതി | ഇനം. |
|---|---|---|---|---|
| 1 | 6 | 23000 | 220/28.2.16 | SRT ട്രാവൽസ് കൊല്ലങ്കോട് -വാഹന വാടക |
| 2 | 10 | 1200 | 915762/27.02.16 | നെടുമ്പാശ്ശേരി എയർപ്പോർട്ട് എൻട്രീ ഫീ |
| 3 | 11 | 840 | 1047400/27.2.16 | തൃപ്പൂണിത്തറ ഹിൽ പാലസ് ഗേറ്റ് പാസ് |
| 4 | 14 | 1340 | ഇല്ല. | ടൂർ കൺവീനർ ശ്രീ രാധാകൃഷ്ണന് നൽകിയത് (ടോൾ,പാർക്കിംഗ് ഫീ etc) |
| | ആകെ | 26380 | | |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/22.11.16യ്ക്ക് ഗ്രാമപഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും, പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവരുമായ വിദ്യാർത്ഥികൾക്ക് പഠനയാത്രാനുഭവം ഉണ്ടാക്കുന്ന തിനാണ് പ്രൊജക്ടിൽ പഠനയാത്ര ഉൾപ്പെടുത്തിയതെന്ന് മറുപടി നൽകിയിരിക്കുന്നത്. ആയതിനാൽ സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കാതെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കിയതിനാൽ പഠന യാത്രക്കായി ചെലവഴിച്ച 26380/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 ഓട്ടോറിക്ഷ ധനസഹായം- മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ചെലവുതുക 200000/-രൂപ നിരാകരിക്കുന്നു

പ്രൊജക്ട് നമ്പർ 22/15-16 - ഓട്ടോറിക്ഷ ധനസഹായം

നിർവ്വഹണം - വി.ഇ.ഓ.

അടങ്കൽ -500000/-വികസന ഫണ്ട്

-200000/-ഗുണഭോക്തൃ വിഹിതം

1200000/-വായ്പ

ആകെ -19000000/-

ചെലവ്

ബിൽ നം.(1) 5/15-16 തീ.31.12.15 -100000/-രൂപ (ഡി.ഡി.നം.732394/01.01.16)

(2) 9/15-16 തീ.26.2.16-200000/-രൂപ (ഡി.ഡി.നം.733609/10.03.16)

DD no (3)291422/5.1.16 -40000/-രൂപ ( ഗുണഭോക്തൃ വിഹിതം)
(4) ചെക്ക് നം.3454/10.03.16-80000/-

ആകെ 420000/-രൂപ

മേൽ പ്രൊജക്ടിന്റെ ഭാഗമായി താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പാലക്കാട് ജില്ലാ ഓട്ടോറിക്ഷ ഡ്രൈവേഴ്സ് സഹകരണ സംഘം ലി.(p-606) മുഖാന്തിരം ഓട്ടോറിക്ഷ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ്(എം.എസ്.) 362/2013 ത.സ്വ.ഭ.വ തീ. 16.11.13 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം 16ലെ ഖണ്ഡിക 3-7(4) പ്രകാരം എംപ്ളോയ് മെന്റ് എക്സ്ചേഞ്ചിലോ, സംരഭകത്വ മിഷനിലോ പേര് രജിസ്റ്റർ ചെയ്തവർക്ക് വായ്പാബന്ധിതമായി ധനസഹായ തുക ബാക്ക് എന്റ് സബ്സിഡിയായി ബാങ്കിലേക്ക് നൽകണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1.പ്രദീപ് s/o ചാമി മണ്ണാപറമ്പ്,എലവഞ്ചേരി

2.രാമചന്ദ്രൻ s/o ചാമി മണ്ണാപറമ്പ്, എലവഞ്ചേരി

3.മഹേഷ് s/o പഴനിമല പരുക്കൽ, പനങ്ങാട്ടിരി

4.ബാലകൃഷ്ണൻ,കുണ്ടൻപറമ്പ് കരിപ്പായി

5.മാധവൻ, കുണ്ടൻപറമ്പ് കരിപ്പായി

6.സുരേഷ്, കുന്നിൽ,നായ്ക്കത്തറ എലവഞ്ചേരി.

പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

a) ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ചതിന്റെ വിവരങ്ങൾ ഇല്ല.

b) ക്രമ നം 3 മുതൽ 6 വരെയുള്ളവർക്ക് വാഹനം വാങ്ങിയതിന്റെ രേഖകൾ ഇല്ല.(RC Book)

c) ക്രമ നം. 1 മുതൽ 2 വരെയുള്ളവരുടെ വാഹനത്തിന്റെ RC book പ്രകാരമം ഉടമസ്ഥാവകാശം പാലക്കാട് ജില്ലാ ഓട്ടോറിക്ഷ ഡ്രൈവേഴ്സ് സഹകരണ സംഘത്തിനാണ് .

d)എംപ്ളോയ് മെന്റ് എക്സ്ചേഞ്ചിലോ, സംരഭകത്വ മിഷനിലോ പേര് രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ ഇല്ല.

മേൽ അപാകതകൾക്ക്. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം 16/26.11.16 യ്ക്ക് രേഖകൾ പാലക്കാട് ജില്ലാ ഓട്ടോറിക്ഷ ഡ്രൈവേഴ്സ് സഹകരണ സംഘത്തിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ക്രമ നം.3 മുതൽ 6 വരെയുള്ള ഗുണഭോക്താക്കൾ വാഹനം വാങ്ങിയതിന്റെ തെളിവായി യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. അതിനാൽ അവർക്കുവേണ്ടി ചെലവഴിച്ച 200000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. കൂടാതെ ക്രമ നം.1, 2 എന്നിവർ വാഹനം വാങ്ങിയിട്ടുണ്ടെങ്കിലും വായ്പ അനുവദിച്ച രേഖകൾ, രജിസ്ട്രേഷൻ രേഖകൾ

എന്നിവയുടെ അഭാവത്തിൽ ചെലവു തുക 100000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 ഗൃഹപരിചരണം- വാഹനവാടക- മതിയായ രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പെയിൻ & പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ ഭാഗമായി രോഗികളുടെ വീടുകൾ കേന്ദ്രീകരിച്ച് പരിചരണം നൽകുന്നതിനായി ദിവസവാടകയ്ക്ക് ഓട്ടോടാക്സി ഉപയോഗിച്ചിരിക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| വാടകയിനത്തിലെ ചെലവ് | ബിൽ നം/തിയതി | ബിൽതുക |
|---|---|---|
| 30 x750=22500 | 1/15-16/ 20.07.15 | 70500 |
| 6 x 700=4200 | 2/15-16/ 18.08.15 | 18300 |
| 10 x 700=7000 | 4/15-16/ 25.09.15 | 136500 |
| 9x700=6300 | 5/15-16/ 18.10.15 | 23000 |
| 20x700=14000 | 6/15-16/ 30.01.16 | 42600 |
| 10 x 700=7000 | 8/15-16/ 29.03.16 | 9100 |
| ആകെ 61000 | | |

തുക കൈപ്പറ്റിയതായുള്ള ഡ്രൈവറുടെ രശീതുമാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഓരോ യാത്രയുടെയും ട്രിപ്പ് ഷീറ്റ് ഇല്ലാതെയാണ് വാടക നൽകിയിരിക്കുന്നത്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പ്രകാരം വാഹനം ലഭ്യമാക്കാൻ പഞ്ചായത്തിന് കഴിയാത്ത പക്ഷം നിർവഹണ

ഉദ്യോഗസ്ഥൻ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനം സ്വീകരിക്കുകയും ക്വാട്ട ചെയ്ത നിരക്ക് അനുവദിക്കുകയും ചെയ്യാവുന്നതാണ്. വാഹനത്തിന്റെ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിശദാംശം, വാഹനം ഉപയോഗിച്ച ദിവസങ്ങളിലെ ട്രിപ്പ് ഷീറ്റ് എന്നിവ പരിശോധനയ്ക്ക് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.7/23.11.16)-യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽസാഹചര്യത്തിൽ ഈയിനത്തി ലെ ചെലവുതുക 61000/-രൂപ തടസ്സപ്പെടുത്തുന്നു.

ഭാവിയിൽ പദ്ധതി നടപ്പാക്കുന്നതിന് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-6 പദ്ധതി ഫണ്ട് പിൻവലിച്ച് ഒരുമാസത്തിൽകൂടുതൽകാലം കൈവശം സൂക്ഷിച്ചിട്ടുള്ളത് ക്രമവിരുദ്ധമാണ്.

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ പ്രൊജക്ടിനായി ബിൽ നം.7/15-16/16.02.16 പ്രകാരം 150000/-രൂപ പിൻവലിച്ചിരി ക്കുന്നു. 18.03.16-ന മാത്രമാണ് പ്രസ്തുത തുക കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ പേരിൽ ഡി.ഡി ആക്കിയിരിക്കുന്നത്. തുക മുൻകൂറായി പിൻവലിക്കുകയും ഒരു മാസം കൈവശം വെച്ചശേഷം ചെലവഴി ക്കുകയും ചെയ്യുന്നത് സർക്കാർ പണത്തിന്റെ ദുരുപയോഗമാണ്. ഭാവിയിൽ ചെലവു വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല എന്ന് ജി.ഒ(പി) നം. 177/2006 ധനം 12.04.2006 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പിൻവലിച്ച തുക ചെലവഴിക്കാതെ ഒരുമാസത്തിൽ കൂടുതൽക്കാലം കൈവശം വെച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/23.11.16) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ വകുപ്പു തല നടപടികൾക്കായി ഓഡിറ്റ് ശുപാർശചെയ്യുന്നു. നിശ്ചിത പ്രൊജക്ടുകൾക്കായി അനുവദിച്ച തുകകൾ ആവശ്യത്തിനു മാത്രം പിൻവലിക്കേണ്ടതും കൈവശം വെക്കാതെ ലക്ഷ്യത്തിനായി ഉപയോഗിക്കേണ്ടതുമാണ്.

## 3-7 കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നു ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ പ്രൊജക്ടിനായി ബിൽ നം.7/15-16/16.02.16 പ്രകാരം പിൻവലിച്ച 150000/-രൂപ 18.03.16-ന കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ പേരിൽ ഡി ഡി ആക്കി 28.03.16-ന മെഡിക്കൽ ഓഫീസർ ഹോമിയോ (എൻ ആർ എച്ച് എം)- ന് കൈമാറുകയും ആയത് 29.03.16-ന കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 കൃഷി ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിൽ

## അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്

ലഭ്യമായ രേഖകൾ പ്രകാരം കൃഷി ഓഫീസറുടെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്ക് -കൊല്ലങ്കോട്ടുള്ള ശാഖയിൽ 4296000100059415-നമ്പറായി സേവിങ്സ് ബാങ്ക് അക്കൌണ്ട് തുടർന്നു പോരുന്നുണ്ട് (09.12.2008മുതലുള്ള ബാങ്ക് പാസ്സ്ബുക്കാണ് ലഭ്യമായത്). 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ പ്രൊജക്ടുകൾക്കായി ലഭ്യമായ ഫണ്ടുകൾ ട്രഷറിയിൽ നിന്നും പിൻവലിച്ച് പ്രസ്തുത അക്കൌണ്ടിൽ നിക്ഷേപിക്കുകയും ദിവസങ്ങൾക്കു ശേഷം ഇവയിൽ നിന്നും പിൻവലിച്ച് വിവിധ പ്രൊജക്ടുകൾക്കായി ഉപയോഗിക്കുകയും ചെയ്തിരിക്കുന്നു. മുൻവർഷങ്ങളിലും ഇപ്രകാരമാണ് ചെയ്തിരിക്കുന്നത്.

2015-16 സാമ്പത്തിക വർഷത്തിൽ പിൻവലിച്ച് വിവിധ പ്രൊജക്ടുകൾക്ക് വിനിയോഗിച്ച് തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു

| പ്രൊജക്ട് | ട്രഷറി ബിൽബുക്ക പ്രകാരം പിൻവലിച്ച തുക/തിയതി | ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയ തുക/തിയതി | പ്രൊജക്ടിനായി വിനിയോഗിച്ച തുക/തിയതി |
|---|---|---|---|
| ഉത്പാദന ബോണസ് | 950000/<br>24.11.15 | 950000/<br>24.11.15 | 941150/26.11.15<br>8850/27.11.15 |
| നെൽകൃഷിക്ക് കൂലിചെലവ്-ജനറൽ | 2700000/<br>21.01.16 | 2700000/<br>29.01.16 | 2353428/18.04.16<br>230616/18.04.16<br>4788/18.04.16<br>38340/18.04.16<br>72828/18.04.16 |
| 109/16-നെൽകൃഷിക്ക് കൂലിചെലവ് -എസ് സി പി | 114000/<br>23.03.16 | 114000/<br>23.03.16 | 98160/05.04.16<br>1200/05.04.16<br>7440/05.04.16<br>7200/05.04.16 |
| ജൈവപച്ചക്കറി കൃഷി പ്രോത്സാഹനം | 31250/<br>30.03.16 | 31250/<br>30.03.16 | 31250/14.06.16 |

പ്രസ്തുത അക്കൌണ്ടിൽ 14.06.16 തിയതിയിലെ നീക്കിയിരുപ്പ് 189846.70/- രൂപയാണ്. സർക്കാരിൽ നിന്നും ആവശ്യത്തിനു മാത്രം പിൻവലിച്ച് ഉപയോഗിക്കേണ്ട തുക മുൻകൂറായി പിൻവലിക്കുകയും ദിവസങ്ങൾക്കുശേഷം ചെലവഴിക്കുകയും ചെയ്യുന്നത് സർക്കാർ പണത്തിന്റെ ദുരുപയോഗമാണ്. ജി.ഒ(പി) നം.177/2006 ധനം 12.04.16 -6.1 പ്രകാരം ഭാവിയിൽ ചെലവു വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/23.11.16) ലഭ്യമാക്കിയ മറുപടിയിൽ ഉഴവുകൂലി, ഉത്പാദന ബോണസ് പ്രൊജക്ടുകൾക്ക് ബ്ലോക്ക്, ജില്ല പഞ്ചായത്ത് വിഹിതങ്ങൾ ഒരേ സമയം ലഭ്യമാകാത്തതിനാൽ ആദ്യം അനുവദിച്ചുകിട്ടുന്ന തുക അക്കൌണ്ടിൽ നിക്ഷേപിക്കുകയും മറ്റ് വിഹിതങ്ങൾ ലഭിക്കുന്ന മുറയ്ക്ക് കർഷകരുടെ അക്കൌണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുകയുമാണ് ചെയ്തുവരുന്നതെന്നും നിലവിൽ ബാങ്ക് അക്കൌണ്ടിലുള്ള തുക വിവിധ കാലയളവിലായി പലിശയിനത്തിൽ ലഭ്യമായതാണെന്നും തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 3-9 വൃദ്ധർക്ക് ഉച്ചഭക്ഷണം നൽകൽ -മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

പ്രൊജക്റ്റ് നം-04/15-16 വൃദ്ധർക്ക് ഉച്ചഭക്ഷണം നൽകൽ.

അടങ്കൽ -150000/-(വികസന ഫണ്ട്)

നിർവ്വഹണം-സെക്രട്ടറി

സർക്കുലർ നം.71413/ഡി.ബി.2/2008/ത.സ്വ.ഭ.വ.തീ.10.11.2008 പ്രകാരം ശിശുവികസന പരിപാടിയുടെ ഭാഗമായിട്ടുള്ള പോഷകാഹാര പ്രൊജക്ടുകൾ,ആശ്രയ-അഗതി പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭക്ഷ്യ-ധാന്യ വിതരണ പ്രൊജക്ടുകൾ എന്നിവയല്ലാതെ വികസന ഫണ്ട്/തനത് ഫണ്ട് വിനിയോഗിച്ച് ഭക്ഷ്യ-ധാന്യ വിതരണം ചെയ്യുന്നതിനുള്ള മറ്റു പ്രൊജക്ടുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ല. ആയതിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ഉപേക്ഷി ക്കേണ്ടതാണെന്നും, പ്രൊജക്ടുകൾ നടപ്പിലാക്കിയാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്ന താണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്.) 362/2013 ത.സ്വ.ഭ.വ തീ. 16.11.13 പ്രകാരമുള്ള 12-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ആശ്രയ-അഗതി കുടുംബങ്ങൾക്ക് ഭക്ഷ്യ ധാന്യ വിതരണം നടത്താവുന്നതാണ്. ആയതനുസരിച്ച് കുടുംബശ്രീ മുഖാന്തിരം ആശ്രയ-ചലഞ്ച് ഫണ്ടിൽ നിന്നും 423316/-രൂപ ഭക്ഷ്യ ധാന്യ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിലെ അനുബന്ധം 1 ഖണ്ഡിക 10(7) ൽ ശിശുവികസന പരിപാടിയുടെ ഭാഗമായിട്ടുള്ള പോഷകാഹാര പ്രൊജക്ടുകൾ, ആശ്രയ-അഗതി പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭക്ഷ്യ-ധാന്യ വിതരണ പ്രൊജക്ടുകൾ എന്നിവയല്ലാതെ ഭക്ഷ്യ-ധാന്യ വിതരണം ചെയ്യുന്നതിനുള്ള മറ്റു പ്രൊജക്ടുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ അനുബന്ധം 16 ഖണ്ഡിക 2-3 പ്രകാരം സബ്സിഡി മാനദണ്ഡ ങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും സബ്സിഡി തുക ഉത്തരവാദിത്തപ്പെട്ട വ്യക്തിയിൽ നിന്ന് ബാധകമായ നിയമവ്യവസ്ഥയ്ക്ക് വിധേയമായി ഈടാക്കുന്നതാണെന്ന് വ്യക്തമാക്കി യിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് പ്രൊജക്ട് നടപ്പിലാക്കിയിരിക്കുന്നത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നം | തുക |
|---|---|---|
| 1 | 2/15-16 /27.06.15 | 29300 |

| | | |
|---|---|---|
| 2 | 9/15-16 /16.07.15 | 28511 |
| 3 | 23/15-16 /22.09.15 | 27350 |
| 4 | 30/15-16 /21.12.15 | 31251 |
| 5 | 38/15-16 /18.02.16 | 31859 |
| 6 | ആകെ | 148271/- |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/24.11.16യ്ക്ക് 29.10.2013 ലെ 2(4) നം തീരുമാന പ്രകാരം 2013 മുതൽ 2016 വരെയുള്ള ആശ്രയ പ്രൊജക്റ്റിൽ ഉൾപ്പെടുത്തുന്നതിൽ വിട്ടുപോയവരും അഗതി, ആശ്രയ മാനദണ്ഡങ്ങൾ പ്രകാരം അർഹരായ 100 ഗുണഭോക്താക്കൾക്ക് അംഗൻവാടി മുഖാന്തിരം മാവേലിസ്റ്റോറിൽ നിന്നും ഭക്ഷ്യ ധാന്യം വാങ്ങി നൽകുകയാണെന്നും, 2017മുതൽ 2020 വരെയുള്ള ആശ്രയ പ്രൊജക്റ്റിൽ പ്രസ്തുത ഗുണഭോക്താക്കളെ നിർബന്ധമായും ഉൾപ്പെടുത്തുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കാതെ ഭാവിയിൽ ഇത്തരത്തിൽ പ്രൊജക്ട് നടപ്പിലാക്കരുതെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 3-10 തെരുവ് വിളക്ക് AMC -കരാറുകാരനിൽ നിന്നും VAT, IT,KCWWF എന്നിവ ഈടാക്കിയിട്ടില്ല.

പ്രൊജക്ട് നം -112/15-16 തെരുവ് വിളക്ക് മെയിന്റനൻസ് - AMC

അടങ്കൽ - 150000 -തനതു ഫണ്ട്)

നിർവ്വഹണം – സെക്രട്ടറി

കരാറുകാരൻ – ജി.സന്തോഷ് കുമാർ.

A) കേരള കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ആക്ട് 1989 സെക്ഷൻ 8(2),സർക്കുലർ നം 2173/C3 /97/ത.ഭ.വ. തി 18,03.97 എന്നിവ പ്രകാരം ലേബർ ഘടകം ഉൾപ്പെട്ടിട്ടുള്ള എല്ലാ കരാറുകളിൽ നിന്നും കരാർ തുകയുടെ 1% തുക ബില്ലിൽ നിന്നും കുറവുവരുത്തി KCWWF-ൽ അടവാക്കേണ്ടതാണ്. വാണിജ്യ നികുതി കമ്മീഷണറുടെ 31.05.2011ലെ 5/2011 നം സർക്കുലറിൽ കേന്ദ്ര വിൽപന നികുതി നിയമ പ്രകാരം CST രജിസ്ട്രേഷൻ ഉള്ള കരാറികാരിൽ നിന്നും സർക്കാർ/ ലോക്കൽ ബോഡികളിലെ കരാർ പ്രവർത്തികൾക്ക് 4% VAT ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത കിഴിവുകൾ നടത്താതെയാണ് താഴെ പറയുന്ന പ്രവർത്തികൾക്ക് തുക നൽകിയിരിക്കുന്നത്.

| ക്രമ നം | വൌച്ചർ നം | തുക | ബിൽ തുക | ഈടാക്കേണ്ട നികുതി | | | | ഈടാക്കിയ നികുതി | | | | കുറവ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | VAT 4% | IT 1% | KCWWF 1% | ആകെ | VAT 4% | IT 1% | KCWWF 1% | ആകെ | |
| 1 | 21500299 | 70000/- | 122099 | 4884 | 1221 | 1221 | 7326 | - | - | - | - | 7326 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | /20.7.15 | | | | | | | | | | | |
| 2 | 21500691 /3.12.15 | 30000/- | | | | | | | | | | |
| 4 | ആകെ | 100000/- | 122099 | 4884 | 1221 | 1221 | 7326 | | | | | 7326 |

B) തെരുവ് വിളക്ക് റിപ്പയർ ചെയ്തതായി ഗ്രാമ പഞ്ചായത്ത് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിനേക്കാൾ കൂടുതൽ എണ്ണം റിപ്പയർ ചെയ്തതായി ബില്ലിൽ രേഖപ്പെടുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | വാർഡ് നം | മെമ്പർ | മെമ്പർമാർ സാക്ഷ്യ പ്പെടുത്തി റിപ്പയർ ചെയ്ത എണ്ണം | ബില്ലിൽ രേഖപ്പെട്ട ത്തിയ എണ്ണം. | നിരക്ക് | നൽകാ വുന്നത് | അധികം |
|---|---|---|---|---|---|---|---|---|
| 1 | CFL | -1 | കെ.ഗീത. | 21 | | 102/- | | |
| 2 | | 2 | കെ.ശിവരാമൻ | 2 | | | | |
| 3 | | 3 | കെ,ബിന്ദു. | 11 | | | | |
| 4 | | 4 | ടി.എൻ.കണ്ണൻകുട്ടി. | 8 | | | | |
| 5 | | 5 | കെ.ആർ.പത്മകുമാർ. | 23 | | | | |
| 6 | | 6 | ആർ.സരിത. | 30 | | | | |
| 7 | | 7 | ആർ.ഉഷാദേവി. | 16 | | | | |
| 8 | | 8 | കെ.എൻ.വേലായുധൻ. | 21 | | | | |
| 9 | | 9 | കെ.സുജാത. | 16 | | | | |
| 10 | | 10 | വി.മാധവൻ. | 21 | | | | |
| 11 | | 11 | കെ.കുട്ടികൃഷ്ണൻ. | 11 | | | | |
| 12 | | 12 | വി.ചന്ദ്രൻ. | 7 | | | | |
| 13 | | 13 | സുപ്രിയ. | 8 | | | | |
| 14 | | 14 | വനജ മോഹൻ. | 2 | | | | |
| | | ആകെ | | 197 | 215 | 102 | 20094 | 1836 |

ടിയാന് ബിൽ പ്രകാരമുള്ള തുക മുഴുവനായും നൽകിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/22.11.16ക്ക് കരാർ പ്രകാരമുള്ള ബാക്കി തുക നൽകുമ്പോൾ മേൽ പറഞ്ഞ കിഴിവുകൾ ഈടാക്കുന്ന താണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-11 KSEB ഡെപ്പോസിറ്റ് പ്രവർത്തികൾ

## പൂർത്തീകരണ,വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവർത്തികൾക്കായി KSEB ഇലക്ട്രിക്കൽ സെക്ഷൻ കൊല്ലങ്കോട് അസി.എഞ്ചിനീയരുടെ കാര്യാലയ ത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്റ്റ് നം, പേര് | ബിൽ നം/തിയ്യതി. | തുക | വൗച്ചർ നം/ തിയ്യതി. |
|---|---|---|---|---|
| 1 | 85/15-16 പെരുംകുളം ലൈറ്റ് സ്ഥാപിക്കൽ ഇലക്ട്രിക് ലൈൻ നീട്ടൽ | 49/17.03.16 | 18340 | 21501005/19.03.16 |
| | | ആകെ | 18340/- | |

മേൽ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ, KSEB യുമായിട്ടുള്ള കരാർ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം 11/24.11.16 യ്ക്ക് പ്രവർത്തികൾ പൂർത്തീകരിച്ചതായും KSEB യിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-12 കുടുംബശ്രീ അക്കൌണ്ടിൽ ചെലവഴിക്കാത്ത പദ്ധതി പണം തിരിച്ചടച്ചിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ അക്കൗണ്ടിൽ (സർവ്വീസ് സഹ.ബാങ്ക്, എലവഞ്ചേരി a/c 4339) ചെലവഴിക്കാതെ കിടക്കുന്ന താഴെ പറയുന്ന പദ്ധതിപണം അടിയന്തിരമായി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കേണ്ട താണ്.

| ക്രമ നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1 | ജില്ലാപഞ്ചായത്ത് ഭവനം 2008-09 | 222000 |
| 2 | Sc ഭൂമി വാങ്ങൽ 2008-09 | 233500 |
| | ആകെ | 455000 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/24.11.16യ്ക്ക് CDS ന്റെയും ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ യും തീരുമാനത്തിന് വിധേയമായി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-13 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന

## അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 20 |
| 2 | സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 19 |
| 3 | കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണിയാത്തവ | 1 |
| 4 | കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭിക്കുന്നതിന് സാധ്യതയുള്ളത്. | - |
| 5 | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 1 |
| 6 | ടോയ് ലറ്റ് സൗകര്യം ഉള്ളവയുടെ എണ്ണം | 19 |
| 7 | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഉള്ളവ | 9 |
| 8 | ചുറ്റമതിൽ ഉള്ളവയുടെ എണ്ണം | 17 |
| 9 | വൈദ്യുതി ഉള്ളവ | 14 |
| 10 | കുടിവെള്ളം ലഭ്യമായവ | 17 (പൈപ്പ് ലൈൻ ) |
| 11. | ഗ്യാസ് കണക്ഷൻ ഉള്ളവ | 20 |
| 12. | ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണോ അങ്കണവാടികൾ പ്രവർത്തിക്കുന്നത്? എല്ലാ വർഷവും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നുണ്ടോ? | അതെ |
| 13 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക നൽകുന്നത്. | സാമൂഹ്യ ക്ഷേമ വകുപ്പ്. |

| | | |
|---|---|---|
| 14 | അങ്കണവാടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. | വൈദ്യുതി കുടിവെള്ളം ചുറ്റമതിൽ,ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് . ഇല്ലാത്തത്. |

സർക്കാർ ഉത്തരവ് നം.39033/ഡി സി2/2010 ത.സ്വ.ഭ.വ തീയതി.3.09.10 പ്രകാരം പൂരക പോഷകാഹാര പരിപാടിയ്ക്ക് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക ഉപയോഗിച്ച് അങ്കണവാടികളിൽ വൈദ്യുതീകരണം, ചുറ്റമതിൽ, ബേബി ഫ്രണ്ട് ലീ ടോയ് ലറ്റ്, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 675000 | ഉഴവു കൂലി | 0 | 675000 |
| ജില്ല പഞ്ചായത്ത് | 2015-16 | 1125000 | ഉഴവു കൂലി | 0 | 1125000 |
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 437500 | ആശ്രയ പദ്ധതി | 0 | 437500 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | തുക | മുതൽ | പലിശ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
| ഇ.എം.എസ്. ഭവനം | ജി.ഒ.നം.647/2010/ LSGD/ 25.2.2010 | 8680100 | 3985594 | 650000 | 298746 | 3335594 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-5 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 3(1) | 3411 | മനോജ്കുമാർ. അസിസ്റ്റന്റ് എഞ്ചിനീയർ | 11505100084/ 9.4.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34775003 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41183328 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8599+200000 208599 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 187380/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 8599 | തോമസ് പി ജോൺ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 200000 | ഷീബ.സി,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 26380 | പി.വി. ജയലളിത, ഹെഡ്മിസ്ട്രസ്സ് |
| 3-4 | 100000 | ഷീബ സി, വി ഇ ഒ |
| 3-5 | 61000 | ഡോ. ശങ്കരസുബ്രഹ്മണ്യൻ<br>മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | മൂല്യവർധിത നികുതി | ആദായ നികുതി | നിർമ്മാണ തൊഴലാളി ക്ഷേമനിധി |
|---|---|---|---|
| 3-10 | 4884 | 1221 | 1221 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| തോമസ് പി ജോൺ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>അയിലൂർ ഗ്രാമപഞ്ചായത്ത് | പൂച്ചാലിൽ വീട്<br>പുത്തൻവേലിക്കര പി ഒ<br>നോർത്ത് പറവൂർ<br>എറണാകുളം |
| ഷീബ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>എലവഞ്ചേരി ഗ്രാമപഞ്ചായത്ത് | പാർവ്വതി നിലയം<br>സഭാമഠം,<br>പല്ലശന- 678505 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരങ്ങൾ | റിമാർക്സ് |
|---|---|---|
| 1997-98 | LFP10- 709/01/11.09.01 | ഫർദർ റിമാർക്സ് |
| 1998-99 | LFP10- 751/01/03.08.01 | ഫർദർ റിമാർക്സ് |
| 1999-00 | LFP10- 752/01/03.08.01 | ഫർദർ റിമാർക്സ് |
| 2000-01 | LFP10- 276/02/04.05.02 | ഫർദർ റിമാർക്സ് |
| 2001-02 | LFP13- 644/04/09.01.04 | ഫർദർ റിമാർക്സ് |
| 2002-03 | LFP13- 1162/03/09.01.04 | ഫർദർ റിമാർക്സ് |
| 2003-04 | LFP12- 1053/07/10.03.08 | ഫർദർ റിമാർക്സ് |
| 2004-05 | LFP12- 1054/07/02.01.08 | ഫർദർ റിമാർക്സ് |
| 2005-06 | LFP12- 1055/07/11.03.08 | ഫർദർ റിമാർക്സ് |
| 2006-07 | LFP18- 790(a)/11/23.11.11 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2007-08 | LFP18- 790(b)/11/23.11.11 | ഫർദർ റിമാർക്സ് |
| 2008-09 | LFP18- 790(c)/11/14.11.11 | ഫർദർ റിമാർക്സ് |
| 2009-10 | LFP18- 642/12/04.07.12 | ഫർദർ റിമാർക്സ് |
| 2010-11 | LFP18- 929/13/16.07.13 | ഫർദർ റിമാർക്സ് |
| 2011-12 | LFP18- 54/14/3.02.14 | ഫർദർ റിമാർക്സ് |
| 2012-13 | LFP18- 288/15/16.05.15 | ഫർദർ റിമാർക്സ് |
| 2013-14 & 2014-15 | KSA PKD 18-587/16/25.06.16 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**1**

# അനുബന്ധം 1

നം.കെ.എസ്.എ.പി.കെ.ഡി.11-109/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തിയതി -29-12-2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ം വകുപ്പ് , 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ

അഭിപ്രായത്തിൽ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തി മൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കുകയും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല.

2. കേന്ദ്ര ധനകാര്യ കമ്മീഷൻ നൽകിയ കണക്കിൽ ടോട്ടൽ സാനിറ്റേഷന് വേണ്ടിയുള്ള അക്കൌണ്ടിൽ (എസ് സി ബി -1750/356) 179125രൂപ ബാലൻസ് ഉള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രിക- 40(b) യിൽ 383660 രൂപ ബാലൻസുണ്ട്. ഇവ പരിശോധിക്കാൻ ബാങ്ക് പാസ്സ്ബുക്ക് ഹാജരാക്കിയില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-11-109 /2017

Kerala State Audit Department

District Audit Office, Palakkad

Date –29-12-2016

## Audit Certificate

Certified that I have audited the Annual Financial Statement of Elavanchery Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Elavanchery Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1) Value of assets not linked with sankhya and included in the Balance Sheet.

2) As per Central Finance Commission Statement the balance amount for total sanitation is Rs.179125/-.

**Deputy Director**